സി.എൽ.റ്റി(3) **47605/2012** **സഹകരണ സംഘം രജിസ്ട്രാർ ആഫീസ്**
**തിരുവനന്തപുരം, തീയതി : 14.3.2016**

**Email :** keralarcs.coop@kerala.gov.in
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ **8/2016**

വിഷയം- സഹകരണ വകുപ്പ്-പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ -സർക്കാരിന്റെ 21.4.2003 ലെ ജി.ഒ.(പി) 103/2003/സഹ: നമ്പർ നോട്ടിഫിക്കേഷൻ തെറ്റായി വ്യാഖ്യാനിക്കുന്നത്-സംബന്ധിച്ച്

സൂചന- സർക്കാരിന്റെ 21.4.2003 ലെ ജി.ഒ.(പി) 103/2003/സഹ: നമ്പർ ഗസറ്റ് വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 345/2003)

കേരള സംസ്ഥാനത്തിലെ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തിനായി 1984 ൽ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ആക്ട് (1984 ലെ 20-ാം നമ്പർ നിയമം) നിലവിൽ വന്നു. സർക്കാരിന്റെ സൂചന വിജ്ഞാപന പ്രകാരം 1984 ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ടിലെ വകുപ്പ് 5, വകുപ്പ് 44 എന്നിവ ഒഴികെയുള്ള എല്ലാ വകുപ്പുകളിലും പരാമർശിച്ചിട്ടുള്ള രജിസ്ട്രാർക്കുള്ള അധികാരം, ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ആക്ടിലെ വകുപ്പ് 5 ൽ ട്രസ്റ്റിയുടെ നിയമനം, അധികാരം, ചുമതലകൾ എന്നിവയും വകുപ്പ് 44 ൽ സഹകരണ കാർഷിക ഗ്രാമ വികകസന ബാങ്കുകൾക്ക് സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയോടെ ശാഖകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥയുമാണ് പ്രതിപാദിച്ചിട്ടുള്ളത്. സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പകൾ, ഗഹാൻ, ജപ്തി നടപടികൾ, ഡിബഞ്ചറുകൾ, ട്രസ്റ്റിയുടെ ചുമതലകൾ, ശാഖകൾ ആരംഭിക്കൽ എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകളാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികകസന ആക്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഭരണസമിതി തെരഞ്ഞെടുപ്പ്, സ്റ്റാഫ് പാറ്റേൺ തുടങ്ങിയ ഭരണപരമായ എല്ലാ കാര്യങ്ങളിലും മറ്റ് സഹകരണ സംഘങ്ങളെപ്പോലെ 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്.

എന്നാൽ സർക്കാരിന്റെ 21.4.2003 ലെ ജി.ഒ.(പി) 103/2003/സഹ: നമ്പർ വിജ്ഞാപനത്തെ ഒരു ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ തെറ്റായും, സൗകര്യപ്രദമായും വ്യാഖ്യാനിച്ച് ക്രമരഹിതമായ നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ഗുരുതരമായി തന്നെ വീക്ഷിക്കുന്നതാണ്. ഇക്കാര്യം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ അടക്കമുള്ള ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും, ഇപ്രകാരം നിയമം ദുർവ്യാഖ്യാനം നടത്തി ക്രമക്കേടുകളെ ന്യായീകരിക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമെന്നും ഓർമ്മപ്പെടുത്തുന്നു.

**ഒപ്പ്,**

**എസ്. ലളിതാംബിക ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

1) രജിസ്ട്രാർ,
   കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം
   എറണാകുളം.
2) സെക്രട്ടറി,
   കേരള നിയമസഭ- ഉപരിപത്രം സഹിതം.
   തിരുവനന്തപുരം
3) ആഡിറ്റ് ഡയറക്ടർ
   ആഡിറ്റ് ഡയറക്ടറുടെ ആഫീസ് ,
   വികാസ് ഭവൻ, തിരുവനന്തപുരം.
4) അഡീഷണൽ രജിസ്ട്രാർ/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
   സ്റ്റാച്യൂ, തിരുവനന്തപുരം
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ
   കാർഷിക ഗ്രാമ വികസന ബാങ്ക്, സ്റ്റാച്യൂ, തിരുവനന്തപുരം
6) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർമാർക്കും
   (ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
8) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
9) വെബ്സൈറ്റ്
10) സ്റ്റോക്ക് ഫയൽ/സ്പെയർ.